4. കാലാകാലങ്ങളിലുള്ള പുരോഗതി വിലയിരുത്തുന്നതിന് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും വീഴ്ചകൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

(ഡി) ഉണ്ട്. തലങ്കര ചെറുകിട പദ്ധതി, അടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി, അഴുത ഡൈവേർഷൻ പദ്ധതി, കുറ്റിയാർ ഡൈവേർഷൻ, കുറ്റ്യാടി ആഗ്മെന്റേഷൻ, കുറ്റ്യാടി ടെയിൽ റേസ്, ശബരിഗിരി നവീകരണ പദ്ധതി, ചൈനീസ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളായ ചെമ്പുകടവ് രണ്ടാം ഘട്ടം, ഉറുമി ഒന്നാം ഘട്ടം, ഉറുമി രണ്ടാം ഘട്ടം, ചെമ്പുകടവ് മൂന്നാംഘട്ടം തുടങ്ങിയ പദ്ധതികൾക്ക് കൂടുതൽ സമയം എടുക്കുന്നുണ്ട്.

(ഇ) കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന അലംഭാവം, ഡിസൈനിൽ വന്ന വ്യതിയാനംമൂലം ജോലികളിലും അളവിലും വന്ന മാറ്റം, സ്ഥലമെടുപ്പിൽ വന്ന കാലതാമസം, കോടതി കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിൽ വരുന്ന കാലതാമസം, കരാർ റദ്ദ് ചെയ്യുന്നതുമൂലം അനന്തര നടപടികൾ പൂർത്തിയാക്കി ബാക്കി പണികൾ ടെൻഡർ ചെയ്യുന്നതിനെടുക്കുന്ന സമയം മുതലായവയാണ് കാരണങ്ങൾ.

(എഫ്) ഇത് പദ്ധതികൾ പൂർത്തിയാക്കുന്നതിനുശേഷമേ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

കുടിക്കുന്നതിനായി വിതരണം ചെയ്യുന്ന പമ്പാനദിയിലെ ജലം പൂർണ്ണമായി ശുദ്ധീകരിക്കാൻ നടപടി

25 (*352) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാനദിയിലെ ജലം എത്ര ഗ്രാമീണ ജലവിതരണ പദ്ധതികൾക്ക് ഉപയോഗിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ജലം കുടിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുമുമ്പ് എന്തെല്ലാം വിധത്തിലുള്ള ശുദ്ധീകരണങ്ങൾക്ക് വിധേയമാക്കുന്നുണ്ട് ;

(സി) പ്രസ്തുത ശുദ്ധീകരണംമൂലം പമ്പാ ജലത്തിൽ കലർത്തിയിട്ടുള്ള കോളിഫോം ഉൾപ്പെടെയുള്ള ഉപദ്രവകാരികളായ അണുക്കൾ നശിക്കുമെന്ന് കരുതുന്നുണ്ടോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പമ്പാനദിയിലെ ജലം 16 ഗ്രാമീണശുദ്ധജല പദ്ധതികൾക്ക് ഉപയോഗിക്കുന്നു.

(ബി) എയ്റേഷൻ, സെഡിമെന്റേഷൻ, ഫിൽറ്റ്റേഷൻ, ക്ലോറിനേഷൻ എന്നീ ശുദ്ധീകരണ പ്രക്രീയകൾക്ക് വിധേയമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പമ്പാ നദിയിലെ ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതിനുശേഷം മാത്രമാണ് വിതരണത്തിന് നൽകുന്നത്. ആകയാൽ പദ്ധതി പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന ജലത്തിൽ കോളിഫോം ഉൾപ്പെടെയുള്ള ഉപദ്രവകാരികളായ അണുക്കൾ ഇല്ലാതെയാണ് നൽകുന്നത്.

ജലസേചന പദ്ധതികൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

26 (*353) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾക്ക് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ടോ ;

(ബി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ ;

(സി) ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം അവയുടെ നിലനിൽപ്പിനും, ജലസേചനശേഷിക്കും ഭീഷണിയുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന് പരിഹാരമായി എന്ത് അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ജലസേചന പദ്ധതികൾക്ക് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട പണത്തിന്റെ പരിധിക്കുള്ളിൽ നിന്ന് യഥാസമയം നടത്തിവരുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അടിയന്തിരാവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കാറുണ്ട്. സുരക്ഷ ആവശ്യമുള്ള അടിയന്തിര പണികൾ ഉടൻ തന്നെ ഏറ്റെടുത്ത് നടത്താറുണ്ട്.

കടലാക്രമണം തടയുന്നതിന് നടപടി

27 (*354) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളതീരത്ത് നിരന്തരമായി ഉണ്ടാകുന്ന കടലാക്രമണം തടയുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ഇപ്പോൾ ധനസഹായം ലഭിക്കുന്നുണ്ടോ ;

(ബി) കേരള തീരത്തെ പലപ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം നടക്കുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുതടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് ഏതെങ്കിലും പഠനത്തിലൂടെ നിർണ്ണയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly